# സി എം എസ് ഹയർ സെക്കണ്ടറി സ്കൂൾ
# തൃശ്ശൂർ



# സ്പന്ദനം

2 0 2 4

## ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ



Rt.Rev. BAKER NINAN FENN

Bishop in CSI Cochin Diocese



SAJI SAMUEL

Headmaster

## HIGHER SECONDARY SCHOOL

**THRISSUR - 680601**

**School Phone: 0487 2335047**

**Email: cmshsthrissur@gmail.com**

# എഡിറ്റോറിയൽ



സ്ക്രൈബസ് എന്ന പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ച് ഒരു മാഗസിൻ തയ്യാറാക്കുക എന്നത് പ്രയാസകരമാകുമോ എന്ന ആശങ്കയോടെയാണ് മാഗസിൻ പ്രവർത്തനങ്ങൾ ആരംഭിച്ചത്. കൈറ്റ് മിസ്ട്രസ് കവിത ടീച്ചറും, കൈറ്റ് മാസ്റ്റർ ബിജു മാഷും, ജ്വലിൻ മാഷും, മറ്റ് അധ്യാപകരും നല്കിയ നിർദ്ദേശങ്ങളും ഹെഡ്മാസ്റ്റർ സജി സാമുവൽ മാഷ് നല്കിയ പ്രോത്സാഹനവും കൈറ്റ് അംഗങ്ങളുടെ കൂട്ടായ പരിശ്രമവും 'സ്പന്ദനം' എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കാൻ ഞങ്ങൾക്ക് സാധിച്ചു. എല്ലാവരേയും നന്ദിയോടെ ഓർത്തുകൊണ്ട് ഈ മാഗസിൻ നിങ്ങൾക്കു മുന്നിൽ സമർപ്പിക്കുന്നു.

ചിത്രം കടപ്പാട്: ഗൂഗിൾ ഇമേജസ്

# താളുകളിൽ


സി എം എസ്...ചരിത്രത്തിലൂടെ 5

ഞങ്ങളുടെ സാജ്ജിടീച്ചർ 7

തൃശ്ശൂർ പൂരം 8

വിചിത്ര ചങ്ങാതി 9

സാജ്ജി ടീച്ചർക്കായ് 10

കെമിസ്ട്രിയിലെ തമന്നയും എമിലി ബ്ലണ്ടും 11

പുതിയ അധ്യാപകൻ 15

ലാളിത്യം 15

അമ്മ 16

വിരഹം 17

വാർമതിരാവ് 19

വരകളിലെ ചിരി 20


ചിത്രം കടപ്പാട്: ഗൂഗിൾ ഇമേജസ്




# സി എം എസ് ചരിത്രത്തിലൂടെ......

സി പി ഗോപിനാഥൻ മാസ്റ്റർ

നൂറ്റാണ്ടുകൾ നീണ്ട സാമ്രാജ്യത്വ ചൂഷണം ഭാരതത്തെ സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും സാംസ്കാരികമായും അധോഗതിയിലേക്ക് നയിച്ചു. 19ാം നൂറ്റാണ്ടിൻ്റെ ഉത്തരാർദ്ധത്തിൽ സാമൂഹ്യ-മത പരിഷ്കരണ പ്രസ്ഥാനങ്ങൾ ഭാരതത്തിലങ്ങോളമിങ്ങോളം അലയടിച്ചു തുടങ്ങിയിരുന്നു. അക്കാലത്തു ജീവിച്ചിരുന്ന പ്രഗത്ഭ ചിന്തകരുടെ പ്രബോധനങ്ങൾ ആത്മാഭിമാനം നഷ്ടപ്പെട്ട ഭാരതീയ ജനതക്ക് ഒരുണർത്തുപാട്ടായിരുന്നു. ആധുനിക വിദ്യാഭ്യാസം നേടുന്നതിനും തദ്വാരാ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും തുത്തെറിയുന്നതിനും അവർ ആഹ്വാനം ചെയ്തു. വിദ്യാഭ്യാസം വരേണ്യ വർഗ്ഗത്തിൻ്റെ മാത്രം കുത്തകയായിരുന്ന അക്കാലത്ത് സാധാരണക്കാർക്ക് പഠനം ഒരു മരീചികയായിരുന്നു. ക്രിസ്തുമതപ്രചരണത്തിനും വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കുമായി അക്കാലത്ത് ഭാരതത്തിലെത്തിച്ചേർന്ന പ്രമുഖ വിഭാഗമായിരുന്നു ചർച്ച് മിഷൻ സൊസൈറ്റി. കേരളത്തിൻ്റ വിദ്യാഭ്യാസ ചരിത്രത്തിൽ അതുല്യസംഭാവനകൾ നൽകിയ മഹനീയ പാരമ്പര്യമാണ് C M Sനുള്ളത്. മലബാറിൽ ബാസൽ ഇവാഞ്ചലിക്കൽ മിഷൻ്റെയും (BEM), ലണ്ടൻ മിഷൻ സൊസൈറ്റിയുടെയും (LMS), കൊച്ചിയിലും തിരുവിതാംകൂറിലും C M S ൻ്റെ കീഴിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ച് സാധാരണക്കാരും പിന്നോക്കപട്ടികജാതി പട്ടികവർഗ്ഗക്കാരുമായ ആയിരങ്ങൾക്ക് അറിവിൻ്റെ ആദ്യാക്ഷരങ്ങൾ പകർന്ന് കേരളീയ നവോത്ഥാനത്തിൻ്റെ നെടുനായകത്വം വഹിച്ച C M S സ്ഥാപനങ്ങൾ അവയുടെ മഹനീയ ദൗത്യം അവിരാമം തുടരുകയാണ്. അക്ഷരവെളിച്ചം പകർന്ന് ജീവിതപന്ഥാവിലൂടെ വഴിതെറ്റാതെ മുന്നേറാൻ സാധാരണക്കാരെ പഠിപ്പിച്ച സഭയുടെ ചരിത്രം അത്യുജ്ജ്വലമാണ്.

CMS തൃശ്ശൂർ ജില്ലയിൽ അതിൻ്റെ പ്രവർത്തനം ആരംഭിച്ചത് 1836 ൽ ആയിരുന്നു. 1845ൽ മിഷനറിയായിരുന്ന Rev. Henry Harley തൃശ്ശൂർ മിഷൻ

school ആണ് വാസ്ഥവത്തിൽ C M S ഹൈസ്കൂളിന്റെ ആരംഭം.

1883 മഴയിൽ കുതിർന്ന മിഥുനമാസം വടക്കുംനാഥന്റെ തിരുമുറ്റത്ത് ചരിത്രമുറങ്ങുന്ന ശക്തൻതമ്പുരാന്റെ തട്ടകത്തിന്റെ ഹൃദയഭാഗത്ത് ഒരു സരസ്വതീക്ഷേത്രം പ്രവർത്തനമാരംഭിച്ചു. ആ മഹനീയ സ്ഥാപനമാണ് CMS HS. തൃശ്ശൂർ CMSനു കീഴിൽ നിലവിൽ വന്ന CMS സ്കൂൾ ക്രമേണ ബഹുജനപ്രീതി ആർജ്ജിച്ചു തുടങ്ങി. അന്നത്തെ middle school ആയിരുന്നു ഈ വിദ്യാലയത്തിലേക്ക് വിദ്യാർത്ഥികളെ അയക്കുന്നതിനുള്ള ഒരു ഫീഡർ സ്കൂളായി മിഷൻ ക്വാട്ടേഴ്സിലുള്ള പ്രാധമിക വിദ്യാലയം മാറുകയും ചെയ്തു.

Rev. F. Buvver മിഷനറിയുടെ ചുമതല വഹിച്ചിരുന്ന കാലത്ത് അതായത് 1889 ലാണ് ഇതൊരു ഹൈസ്കൂളായി ഉയർത്തിയത്. P.A സ്റ്റീഫൻ പ്രധാനാധ്യാപകനായി നിയമിക്കപ്പെട്ടു. മിഷനറിമാരുടെയും, അധ്യാപകരുടെയും കൂട്ടായ ശ്രമഫലമായി ഹൈസ്കൂൾ ജനപ്രീതി നേടി.

സ്കൗട്ട്, സ്റ്റുഡന്റ് പോലീസ് എന്നീ വിഭാഗങ്ങൾ ഏറ്റവും മികവാർന്ന രീതിയിൽ വർഷ ങ്ങളായി പ്രവർത്തിച്ചുകൊണ്ടിരി ക്കുന്നു. സ്കൗട്ടിങ്ങിന്റെ ഒരു മഹനീയ പാരമ്പര്യം CMS High Schoolന് അവകാശപ്പെടാവുന്ന താണ്. CMSന്റെ ഏറ്റവും വലിയ സമ്പത്ത് കാലങ്ങളായി പഠിപ്പിച്ചുകൊണ്ടിരിക്കുന്ന ആത്മാർത്ഥതയും അർപ്പണ മനോഭാവവുമുള്ള അധ്യാപകരും അനധ്യാപകരുമാണ്. വിദ്യാലയ ചരിത്രത്തിൽ ഈ സ്ഥാപനം പല പ്രതിസന്ധികളിലകപ്പെട്ടപ്പോഴും താങ്ങും തണലുമായി നിന്നത് അവരാണ്. രാഷ്ട്രചരിത്രങ്ങൾ രേഖപ്പെടുത്തുമ്പോൾ ഭരണാധിപൻമാരും അവരുടെ ഭരണപരിഷ്കാരങ്ങളും കോട്ടങ്ങളും വിജയങ്ങളും പരാജയങ്ങളു മൊക്കെയാണ് പരിഗണിക്കാറു ള്ളത്. എന്നാൽ ഭരണാധിപ ന്മാർക്ക് വേണ്ടി ജീവൻ ത്യജിച്ച, ത്യാഗങ്ങൾ ചെയ്ത ധീരന്മാരായ കർമ്മയോഗികൾ വിസ്മരിക്കപ്പെടാറാണ് പതിവ്. ചരിത്രത്തിന്റെ ചവറ്റുകുട്ടയിലായിരിക്കും അവരുടെ സ്ഥാനം. അതുപോലെ CMS നെ CMS ആക്കി നിഷ്കാമകർമ്മികളായ അധികാരത്തിന്റെ ഏഴയലത്തുപോലും വരാത്ത, CMSനെ ഒരു വികാരമായി കരുതിയ നൂറുകണക്കിനധ്യാപകരുടെയും അനധ്യാപകരുടെയും നിസ്വാർത്ഥ സേവനങ്ങളെ മനസാ സ്മരിക്കുന്നു.



# ഞങ്ങളുടെ സാജിടീച്ചർ



ഞങ്ങളുടെ പ്രിയങ്കരിയായ സാജിടീച്ചർ ഈ വർഷം മെയ് 31 ന് ഈ സ്കൂളിന്റെ പടിയിറങ്ങുകയാണ്. 33 വർഷത്തെ അധ്യാപകജീവിതത്തിൽ നേടിയ അനുഭവങ്ങളും ശിഷ്യ സമ്പത്തുമായി.

1988 ഒക്ടോബർ 26 നാണ് ടീച്ചർ ആദ്യമായി leave vacancy യിൽ ഈ സ്കൂളിൽ ജോയിൻ ചെയ്തത്. തുടർന്ന് ഒരു വർഷം employment exchange വഴി പൈങ്കുളം GUPSൽ ജോലിചെയ്തു. തുടർന്ന് മണ്ണുത്തി, മാള, വടക്കാഞ്ചേരി, ഊരകം എന്നിവിടങ്ങളിലായി സേവനം അനുഷ്ഠിച്ചതിനുശേഷം 1-6-2012 ൽ ഈ വിദ്യാലയത്തിൽ തന്നെ തിരിച്ചെത്തി.

കുട്ടികൾക്ക് ഏറെ പ്രിയമുള്ള അധ്യാപികയായിമാറാൻ ടീച്ചർക്ക് വളരെ പെട്ടെന്ന് സാധിച്ചു. അച്ചടക്കവും ഉത്തരവാദിത്വബോധവുമുള്ള മികച്ച ഒരു അധ്യാപികയാണ് ടീച്ചർ.

St. George LP School പരിയാരത്തുനിന്ന് H M ആയി retire ചെയ്ത Joy മാഷാണ് ടീച്ചറുടെ ഭർത്താവ്. ടീച്ചർക്ക് 2 മക്കളാണുള്ളത്. 2 മക്കളും വിവാഹിതരായി UKയിലാണ്.

ഇനിയുള്ള ജീവിതത്തിൽ സമൂഹത്തിനും കുടുംബത്തിനും തൻ്റെ കഴിവുകൾ പ്രയോജനപ്പെടുത്തി അനുഗ്രഹിക്കപ്പെട്ട ഒരു ജീവിതം നയിക്കാൻ ടീച്ചർക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.






**തൃശൂർ** പൂരമെന്നത് മലയാളികളുടെ അഭിമാനമായ ഒരു ഉത്സവമാണ്. ലക്ഷക്കണക്കിന് ജനങ്ങളാണ് പൂരം കാണാൻ വരുന്നത്. പൂരത്തിന്റെ പ്രധാന ക്ഷേത്രങ്ങളായ തിരുവമ്പാടി ക്ഷേത്രത്തിലും പാറമേക്കാവ് ക്ഷേത്രത്തിലും പൂരത്തിന് ഒരാഴ്ച മുൻപാണ് കൊടികയറുന്നത്. പിന്നെ ഓരോ ദിവസവും ആവേശകരമായ ഒരുക്കങ്ങളാണ് നാടൊട്ടുക്കും നടക്കുന്നത്.

പൂരത്തിന്റെ രണ്ട് ഭാഗക്കാരും തമ്മിൽ പുരത്തിന് മോടി കൂട്ടാൻ നല്ല മൽസരമാണ്. മനോഹരമായ കുടകൾ ഉണ്ടാക്കാനും കേരളത്തിലെ ലക്ഷണമൊത്ത ഗജവീരന്മാരെ പൂരത്തിന് പങ്കടുപ്പിക്കുന്നതിനും അതിമനോഹരമായ വെടിക്കെട്ട് നടത്തുന്നതിനും പന്തലുകൾ ഒരുക്കുന്നതിനും ഇരുകൂട്ടരും മത്സരമാണ്. പൂരതലേന്ന് നെയ്തലക്കാവിലമ്മ തെക്കേ ഗോപുരനട തള്ളി തുറന്നാണ് പൂരാഘോഷത്തിന് തുടക്കംകുറിക്കുന്നത്. പുരത്തിന്റെ അന്ന് രാവിലെ മുതൽ ഉച്ചവരെ ഘടകപൂരങ്ങളുടെ വരവാണ്. ഉച്ചക്ക് തിരുവമ്പാടി വിഭഗത്തിന്റെ പ്രധാനപ്പെട്ട ചടങ്ങായ മഠത്തിൽ വരവ് അതേ സമയം പാറമേക്കാവിൽ ഭഗവതി 15 ആനപ്പുറത്ത് പൂരത്തിന് പുറപ്പെടും. പിന്നീട് വടക്കുംന്നാഥക്ഷേത്രത്തിൽ ഇലഞ്ഞിത്തറമേളം നടക്കും. പിന്നെ പാറമേക്കാവിലമ്മ ശക്തൻ തമ്പുരാനെ വണങ്ങി തിരിച്ചു വരുമ്പോഴേക്കും തിരുവമ്പാടി ഭഗവതി തെക്കേ ഗോപുരനടയുടെയവിടെ പതിനഞ്ച് ലക്ഷണമൊത്ത ഗജവീരന്മാരുടെ അകമ്പടിയോട് കൂടി നില്ക്കുന്നുണ്ടാകും.

ചിത്രപ്രസിദ്ധമായ തൃശ്ശൂർ പൂരം എന്താണെന്ന് അറിയണമെങ്കിൽ തെക്കോട്ട് ഇറക്കം കാണണം. അത് കഴിഞ്ഞ് രാത്രിയിലും ഘടകപൂരങ്ങൾ ഉണ്ടാകും പാറമേക്കാവ്, തിരുവമ്പാടി

വിഭാഗക്കാരുടെ 15 ആനകൾ വീതം

നിരന്നുനിന്ന് നടക്കുന്ന കുടമാറ്റം

അതിമനോഹരമായ

കാഴ്ചയാണ്.



പിറ്റേ ദിവസം

തൃശ്ശൂർക്കാരുടെ

പൂരം എന്ന് വിളിക്കാറുള്ളത്.

ഇരു വിഭാഗവും 15 ആനപുറത്ത് വന്ന്

വടക്കുനാഥന്റെ പടിഞ്ഞാറേ ഗോപുരനടയിൽ

പൂരം നടക്കും ഇരു വിഭാഗത്തിന്റെയും ദേവിമാർ

ഉപാചാരം ചൊല്ലി പിരിയും.

അതിന് ശേഷം വെടിക്കെട്ട് നടക്കും.

അതോടെ പൂരാഘോഷങ്ങൾക്ക്

സമാപനമായി.

പിന്നെ അടുത്തവർഷത്തെ പൂരത്തിനായുള്ള

കാത്തിരിപ്പാണ്.

# വിചിത്ര ചങ്ങാതി



എന്റെ ഒരു വിചിത്ര ചങ്ങാതിയുണ്ട്.
പേര് സമയം.
കൂടെ നടക്കാൻ പല തവണ പറഞ്ഞിട്ടുണ്ട്.
പക്ഷേ അവൻ കൂട്ടാക്കുകയില്ല.
ചിലപ്പോൾ പുറകിലേ നടക്കൂ.
മറ്റുചിലപ്പോൾ എനിക്ക് മുന്പിലോടും.
ചിലപ്പോൾ എപ്പോഴും കൂടെത്തന്നെ കാണും
മറ്റുചിലപ്പോൾ തിരിയിട്ടുതിരഞ്ഞാൽ കാണുകയില്ല.
ആളൊരു വിചിത്ര ചങ്ങാതിതന്നെ അല്ലെ!!!

ചിത്രം കടപ്പാട്: ഗൂഗിൾ ഇമേജസ്

# സാജിടീച്ചർക്കായ്...

സ്നേഹത്തിൻ മുകുളങ്ങൾ
ഓരോന്നായ് കൊഴിഞ്ഞു വീഴുമ്പോൾ
നിസ്സഹായരായ്



കാലത്തിൽ ചക്രത്തെ നോക്കുന്നു
ഞങ്ങളോരോരുത്തരും...
ജീവിതത്തിൽ തിരക്കുകളിൻ
ഭാരമിറക്കുന്നോരത്താണിയായ
സൗഹൃദങ്ങൾ
കലർപ്പില്ലാത്ത സ്നേഹബന്ധങ്ങൾ
സ്നേഹത്തിൻ അവകാശങ്ങൾ
ഓരോന്നായ് തട്ടിയെടുക്കുന്ന
കാലത്തിൻ മണിമുഴക്കങ്ങൾ
ഞങ്ങളുടെ സ്നേഹത്തെ
ഞങ്ങളുടെ ധൈര്യത്തെ
എത്ര നോവിച്ചാലും
തിരികെ സ്നേഹിക്കുന്ന ആത്മമിത്രത്തെ
ഇനിയുമീ മുറ്റത്തു
കാണില്ലെന്നോർക്കുമ്പോൾ
ഞങ്ങളിൽ നിന്നുയരുന്നൂ തേങ്ങലുകൾ
ജീവന്റെ ജീവനാം ആത്മമിത്രത്തിനു
പുതുജീവിതത്തിനു ആശംസകൾ നേരുന്നു...
ഞങ്ങളോരോരുത്തരും...

ബിന്ദു കെ ജോൺ



കഥ

# കെമിസ്ട്രിയിലെ തമന്നയും എമിലി ബ്ലണ്ടും

ഒഴിവ് കിട്ടിയ ഒരു ദിവസം വീട്ടിലിരുന്ന് ഇടയ്ക്കിടയ്ക്ക് ഓരോ കപ്പലണ്ടിയും ചിപ്സുമൊക്കെ അകത്താക്കിക്കൊണ്ട് ഒരു കിടിലൻ സിനിമ കണ്ടുകൊണ്ടിരിക്കുമ്പോൾ ഒരു അതിഥി കയറി വന്നാൽ എന്തായിരിക്കും നമ്മുടെ മാനസികാവസ്ഥ. അതെ മാനസീകാവസ്ഥയായിരിക്കും സബ്സ്റ്റിറ്റ്യൂട്ട് ആയി ഒരു പിരീഡ് അധ്യാപകനോ അധ്യാപികയോ ക്ലാസിലേക്ക് കയറിച്ചെന്നാൽ ഭൂരിഭാഗം കുട്ടികൾക്കും ഉണ്ടാവുക. അപ്പോൾ ക്ലാസ്സിൽ അലയടിക്കാൻ സാധ്യതയുള്ള ചില ഡയലോഗുകൾ ഉണ്ട്.

"ഇങ്ങേർക്ക് വേറെ പണിയൊന്നുമില്ലേ", " എന്തായാലും മരണം ഉറപ്പായി", "ന്റെ കൺട്രോൾ ഭഗവാനെ കൺട്രോൾ തരണേ "

ഇങ്ങനെയുള്ള പല ഡയലോഗുകളും മനസ്സിൽ കണ്ടുകൊണ്ട് തന്നെയാണ് കെ കെ ജോസഫ് സാർ ഉച്ചക്ക് ആദ്യത്തെ പീരീഡ് 10 ഡി യിലേക്ക് സബ്സ്റ്റിറ്റ്യൂട്ട് ആയി കയറി ചെന്നത്.

ചിത്രം കടപ്പാട്: ഗൂഗിൾ ഇമേജസ്

" മാഷേ ഈ പിരീഡ് കണക്കാണ് മാഷേ, മാഷിന്റെ പിരീഡ് അല്ല"

"അറിയാടാ, ഷിജോ മാഷ് ലീവ് ആണ്. ഞാൻ സബ് വന്നതാ", കെ കെ ജോസഫ് സാർ പറഞ്ഞു.

"മാഷേ ഞങ്ങൾ ഹോംവർക്ക് ചെയ്തോട്ടെ, ആ നോട്ട് എഴുതിക്കോട്ടെ ഈ നോട്ട് എഴുതിക്കോട്ടെ, ഉറങ്ങിക്കോട്ടെ, പിടിക്ക് കൊണ്ടുപോകുമോ, ഐടി ലാബിൽ കൊണ്ടുപോകുമോ" തുടങ്ങിയ ക്ലീഷേ ചോദ്യങ്ങൾ വരുന്നതിന് മുൻപായി കെ കെ ജോസഫ് ഉത്തരവിട്ടു

" എല്ലാവരും വേഗം കെമിസ്ട്രി ബുക്ക് എടുക്കു "

അതുകേട്ട പാടി കുട്ടികളുടെ മുഖങ്ങൾ പലതരം ഇമോജികൾ ആയി മാറി.

"രാവിലെ ഒരു പിരീഡ് കെമിസ്ട്രി എടുത്തതല്ലേ മാഷേ, മാഷ്ക്ക് ഇനിയും മതിയായില്ലേ?" തുടങ്ങിയ ഡയലോഗുകൾ ആരെങ്കിലുമൊക്കെ മനസ്സിലെങ്കിലും പറഞ്ഞിട്ടുണ്ടാവും എന്ന് കെ കെ ജോസഫ് സാർ ഊഹിച്ചു.

ലോഹ ധാതുക്കളിൽ നിന്ന് ലോഹങ്ങളെ വേർതിരിക്കുന്ന മെറ്റലർജി എന്ന വെബ് സീരീസ് ആണ് നിലവിൽ 10 D യിൽ ഓടിക്കൊണ്ടിരുന്നത്. അതിന്റെ ഒരു എപ്പിസോഡ് രാവിലെ കഴിഞ്ഞതാണ്. അതുകഴിഞ്ഞ് പുറത്ത് ഇറങ്ങിയപ്പോഴാണ് സബ്സ്റ്റിറ്റ്യൂട്ട് ബുക്കിൽ തനിക്ക് നറുക്ക് കിട്ടിയിരിക്കുന്ന കാര്യം കെ കെ ജോസഫ് സാർ അറിഞ്ഞത്.

ഉച്ചയ്ക്ക് ഒന്നാമത്തെ പിരീഡ് ആയതുകൊണ്ടും പഠിപ്പിക്കുന്ന വിഷയം കെമിസ്ട്രി ആയതുകൊണ്ടും ചിലവന്മാരുടെ കണ്ണുകളിൽ ഒക്കെ 'നിദ്രാഗന്ധി'കൾ പൂത്തിറങ്ങുന്നത് കെ കെ ജോസഫ് സാർ അറിഞ്ഞു. ചിലരുടെ കണ്ണുകളിലേക്ക് നോക്കിയപ്പോൾ കെ കെ ജോസഫ് സാറിനും ഉറക്കം വരാൻ തുടങ്ങി. അതിനെയെല്ലാം തല്ലിക്കെടുത്തി കെ കെ ജോസഫ് സാർ ക്ലാസ് തുടങ്ങി. ധാതുക്കളിൽ നിന്ന് ലോഹങ്ങളെ വേർതിരിക്കുന്ന പ്രക്രിയകളായ ഓക്സിഡേഷനും റിഡക്ഷനും ആയിരുന്നു അന്നത്തെ എപ്പിസോഡിൽ കെ കെ ജോസഫ് സാറിന് തീർക്കേണ്ടിയിരുന്നത്.

സാധാരണ രീതിയിൽ ക്ലാസ്സെടുത്താൽ കുറെ കുംഭകർണന്മാർ ഉണ്ടാകുമെന്നുള്ളത് കൊണ്ട് കുറച്ച് മസാലകൾ ക്ലാസ്സിൽ ചേർക്കാൻ കെ കെ ജോസഫ് സർ തീരുമാനിച്ചു. ആദ്യ ഘട്ടമെന്ന നിലക്ക് ഓക്സിഡേഷന്റെ രണ്ടു മാർഗങ്ങളിൽ ഒന്നായ റോസ്റ്റിംഗ് പറഞ്ഞു മനസ്സിലാക്കുന്നതിനു വേണ്ടി ബീഫ് റോസ്റ്റ്, ചിക്കൻ റോസ്റ്റ്, മുട്ട റോസ്റ്റ് നെയ് റോസ്റ്റ് എന്ന വാക്കുകൾ പറഞ്ഞതും ഉറക്ക തുടങ്ങാൻ പ്ലാൻ ചെയ്തിരുന്ന ചിലവന്മാർ സട കുടഞ്ഞെഴുന്നേറ്റ് വേറെയും കുറെ റോസ്റ്റുകളുടെ പേര് കൂട്ടി ചേർത്തു. താൻ ഏതോ ഹോട്ടലിൽ ആണോ നിൽക്കുന്നതെന്ന് കെ കെ ജോസഫ സാറിനു തോന്നി. അതിനിടയിൽ ക്ലാസ്സിലെ പഠിപ്പികളിൽ ഒരാൾ റോസ്റ്റ് എന്ന വാക്ക വാക്യത്തിൽ പ്രയോഗിച്ചു. ചില സാറുമ്മാർ ഞങ്ങളെ റോസ്റ്റ് ചെയ്യാറുണ്ട് എന്നായിരുന്ന ആ വാക്യം. കൈ വിട്ടു പോയ റോസ്റ്റുകളെ ഒര വിധത്തിൽ തിരിച്ചു പിടിച്ചു കെ കെ ജോസഫ സർ ക്ലാസ്സിന്റെ നിയന്ത്രണം ഏറ്റെടുത്തു.

എപ്പിസോഡിലെ അടുത്ത സീൻ ആയ റിഡക്ഷൻ എങ്ങിനെ മസാല ചേർത്ത പഠിപ്പിക്കാം എന്ന ആലോചിക്കുന്നതിനിടയിലാണ് സ്റ്റാഫ് റൂമിലേക്ക പോയ എഡ്വിൻ എന്ന ചുള്ളൻ ക്ലാസ്സിന്റെ വാതിൽക്കൽ പ്രത്യക്ഷപ്പെട്ടത്. ചുള്ളൻ ആസനസ്ഥനായിക്കഴിഞ്ഞപ്പോൾ കെ കെ ജോസഫ് സർ അവനോടു ചോദിച്ചു.

"എഡ്വിൻ , നിന്റെ ഗേൾ ഫ്രണ്ടിന്റെ പേരെന്താണ്ടാ? "

"എനിക്ക് ഗേൾ ഫ്രണ്ടില്ല മാഷെ ", വളരെ നിഷ്കുവായി അവന്റെ മറുപടി

ക്ലാസിലെ ഒരു കുട്ടിയോട് ഗേൾ ഫ്രണ്ടിന്റെ പേര

ചോദിച്ചിട്ട് അവൻ പറഞ്ഞില്ലെങ്കിൽ മറ്റു കുട്ടികൾ കൃത്യമായി അത് പറയുമെന്ന് കെ കെ ജോസഫ് സാറിന് അറിയാമായിരുന്നു. സാറിന്റെ നിഗമനം തെറ്റിയില്ല .

"കരിഷ്മാ, കരിഷ്മാ", മറ്റു കുട്ടികൾ ഉറക്കെ വിളിച്ചു പറഞ്ഞു .

"കൊച്ചു ഗള്ളൻ ", എന്ന് പറഞ്ഞു കൊണ്ട് കെ കെ ജോസഫ് സർ എഡ്വിൻ +കരിഷ്മ എന്ന് ബോർഡിലെഴുതി. എഡ്വിന്റെ മുഖത്തേക്ക് നോക്കിയപ്പോൾ ചുവന്ന തിരുവാതിര നക്ഷത്രം ചിരിക്കുന്ന പോലെ കെ കെ ജോസഫ് സാറിന് തോന്നി.

"എഡ്വിനും കരിഷ്മയും കൂടെ പ്രേമിച്ചും ചിരിച്ചും ആടിയും പാടിയും ജീവിക്കുന്നതിനിടയിൽ ഒരു ദിവസം യാദൃച്ഛികമായി എഡ്വിൻ ഒരു പാട്ട് കേട്ടു. ആ ന കാവാലയ്യ കവലയ്യ .... ", കെ കെ ജോസഫ് സാർ കൈ കൊണ്ട് ഡാൻസിന്റെ രണ്ടു സ്റ്റെപ്പിട്ടു, എന്നിട്ട് ചോദിച്ചു

"ആരായിരിക്കും അത് ?"

"തമന്ന, തമന്ന" പല തരം 'തമന്ന വിളികൾ' ക്ലാസ്സിൽ അലയടിച്ചു. അത് കേട്ടതും തലവേദന എന്ന് പറഞ്ഞു ക്ലാസ്സിൽ കിടന്നിരുന്നവന്മാർ വരെ ചാടി എഴുന്നേറ്റു. ഫിസിക്സിന്റെ ഭാഷയിൽ പറഞ്ഞാൽ ക്ലാസ്സിൽ മൊത്തം ഊർജപരിവർത്തനങ്ങൾ ...

"അങ്ങിനെ തമന്നയുടെ പാട്ടു കേട്ട് വശംവദനായ എഡ്വിൻ എന്ത് ചെയ്തു? തമന്നയുടെ കൂടെ പോയി. ഇപ്പോൾ ആര് ബാക്കിയായി ?", കെ കെ ജോസഫ് സാർ ചോദിച്ചു

"കരിഷ്മാ ...." കുട്ടികൾ ഒന്നടങ്കം വിളിച്ചു പറഞ്ഞു.

"ആ ... കരിഷ്മ ഒറ്റക്കായി. ഈ കരിഷ്മയാണ് ഇവിടത്തെ ലോഹം. എഡ്വിൻ ആണ് ഓക്സൈഡ്. തമന്നയാണ് ഇവിടത്തെ റെഡ്യൂസിങ് ഏജൻറ് (നിരോക്സീകാരി ). ലോഹം വേർതിരിക്കുമ്പോൾ തമന്നകളായി വരുന്നവരാണ് കാർബണും കാർബൺ മോണോക്സൈഡും. തമന്ന എഡ്വിനെ കൊണ്ട് പോയ പോലെ കാർബണും കാർബൺ മോണോക്സൈഡും ഓക്സിജനുമായി ചേർന്ന് കാർബൺ മോണോക്സൈഡും കാർബൺ ഡൈ ഓക്സൈഡും ഉണ്ടാകുന്നു. മനസ്സിലായോ...?", കെ കെ ജോസഫ് സാർ ചിരിച്ചു കൊണ്ട് ചോദിച്ചു.

എല്ലാവരും തലയാട്ടി. പലരുടെയും മുഖത്തു ഒരു അന്താളിപ്പ് കെ കെ ജോസഫ് സാർ കണ്ടു. അത് തമന്ന എഡ്വിന്റെ കൂടെ പോയതിന്റെ ആണോ അതോ കെമിസ്ട്രി ഇങ്ങനെ

പഠിപ്പിച്ചതിന്റെ ആണോ എന്ന് കെ കെ ജോസഫ് സാറിന് മനസിലായില്ല.

"കഥ കഴിഞ്ഞില്ല ", കെ കെ ജോസഫ് സാർ പറഞ്ഞു

കുട്ടികളുടെ മുഖത്തെ ആകാംക്ഷ സാർ കണ്ടു.

"ചില സമയത്തു തമന്ന വന്നാലൊന്നും എഡ്ഡിൻ പോകില്ല, എന്താ കാര്യം ?", സാർ ചോദിച്ചു

"ട്രൂ ലവ്, ട്രൂ ലവ് ", രണ്ടു പേർ പറഞ്ഞു

"ആ ...അപ്പോൾ എഡ്ഡിൻ പോകണമെങ്കിൽ ഹോളിവുഡിലെ എമിലി ബ്ലണ്ടോ മറ്റോ വേണ്ടി വരും "

"ആരാ മാഷെ ഈ എമിലി ബ്ലണ്ട് ?", ചില ഗെഡികളുടെ മുഖത്ത് വല്ലാത്ത ജിജ്ഞാസ

"മ്മ്ടെ ഓപ്പൺ എയ്യർ സിനിമയിൽ അഭിനയിച്ചില്ലെടാ...അവർ തന്നെ", കെ കെ ജോസഫ് സാർ പറഞ്ഞു

"ലോഹങ്ങൾ വേർതിരിക്കുമ്പോൾ എമിലി ബ്ലണ്ട് ആയി വരുന്നതാരാ ?", കെ കെ ജോസഫ് സാർ ചോദിച്ചു

"ആരാ ...ആരാ ...?, കുട്ടികൾ പരസ്പരം ചോദിച്ചു

"അതാണ് വൈദ്യുതി "

"അതായത് ക്രിയാശീലം കൂടിയ ലോഹങ്ങളെ അവയുടെ ധാതുക്കളിൽ നിന്നും വേർതിരിക്കാൻ തമന്നകളായ കാർബണോ കാർബൺ മോണോക്സൈഡോ പറ്റില്ല, അവയെ നിരോക്സീകരിക്കാൻ ആര് വേണ്ടി വരും "

"എമിലി ബ്ലണ്ട്..." ക്ലാസ്സിലെ പഠിപ്പിയായ ആബിദ് ചിരിച്ചു കൊണ്ട് പറഞ്ഞു. അത് കേട്ട് ക്ളാസ് മൊത്തത്തിൽ കൂട്ടച്ചിരിയായി. ആ കൂട്ടചിരിയിൽ കെ കെ ജോസഫ് സാറും ചേർന്നു . ശേഷം കെ കെ ജോസഫ് സാർ ചോദിച്ചു

"ആ എമിലി ബ്ലണ്ട് ആരാണ് ?",

"വൈദ്യുതി"

കുട്ടികൾ ഒറ്റ സ്വരത്തിൽ പറഞ്ഞു.

അപ്പോഴേക്കും ബെൽ അടിച്ചു. ക്ളാസ് കഴിഞ്ഞു കെ കെ ജോസഫ് സാർ പോകാനൊരുങ്ങിയപ്പോൾ ക്ലാസ്സിൽ നിന്നും പതിവിനു വിപരീതമായി ആയതി കൂടിയ താങ്ക് യു സാർ ശബ്ദ തരംഗങ്ങൾ കെ കെ ജോസഫ് സാർ കേട്ടു. ആ ശബ്ദ തരംഗങ്ങൾ തമന്നക്കും എമിലി ബ്ലണ്ടിനും സമർപ്പിച്ചു കൊണ്ട് കെ കെ ജോസഫ് സാർ സ്റ്റാഫ് റൂമിലേക്ക് നടന്നു. ആ നടത്തത്തിനിടയിൽ കെ കെ ജോസഫ് സാറിന്റെ മനസ്സിൽ ഒരു സന്ദേഹം ഉണ്ടായി. ഇവന്മാരെങ്ങാനും പരീക്ഷക്ക് ഈ ചോദ്യങ്ങൾ ചോദിച്ചാൽ ഉത്തരമായി തമന്നയെന്നും എമിലി ബ്ലണ്ട് എന്നും എഴുതി വെക്കുമോ ...?

ഡെന്നിസ് ആന്റണി



# പുതിയ അധ്യാപകൻ

കൂവിയാർക്കുന്ന ബഹളത്തിലൂടെയാണ്
ക്ലാസ് മുറിയിലേക്കുള്ള് രംഗപ്രവേശം.
വിഷയാവതരണം തുടങ്ങുന്നതിനു മുമ്പെ
കമന്റുകളുടെ ശരമഴ.
ഉത്തരങ്ങൾക്കു പകരം തർകുത്തരങ്ങൾ
മാത്രം.
ഇടയ്ക്കിടെ ഉയർന്നു പൊങ്ങുന്ന
കടലാസുപന്തുകൾ.
ഇടയ്കെപോഴോ ചൂരലിലേക്ക്
നീണ്ടിയപ്പോൾ കുട്ടികൾ ഓർമപ്പെടുത്തിയ
നാലക്കനമ്പർ.
അവകാശങ്ങൾ,ബാലപീഡനം,കോടതി.
അങ്ങിങ്ങായി കേൾക്കുന്ന അശരീരികൾ.
എന്നിലെ യഥാർത്ഥ അധ്യാപകൻ
വഴിമാറുന്നു.
തിരുത്തിയെഴുതുന്ന മാർക്കുകളിൽ
കാണേണ്ടത് കുറ്റവാളിയെയല്ല,ജയിക്കാൻ
വെമ്പുന്ന മനസ്സിനെയാണ്.
ചുരുട്ടിയെറിയുന്ന കടലാസുപന്തുകളിൽ
ഭാവിയിലെ കായിക മികവിനെ കാണണം.
ഉത്തരങ്ങളിലെ തർക്കുത്തരങ്ങളിൽ
പ്രതികരണശേഷിയുള്ള പുതുതലമുറയെ
കാണണം.
വേറിട്ടു ചിന്തിക്കുന്ന പുതിയ അധ്യാപകൻ
ഇവിടെ പിറക്കുകയിണ്.
ഇനി ചൂരൽ വീട്ടിലിരിക്കട്ടെ.
നല്ല ശീലങ്ങളുടെയും
സൽസ്വഭാവത്തിന്റേയും ആദ്യപാഠങ്ങൾ
വീട്ടിൽ നിന്നാവട്ടെ.
അധ്യാപകൻ പാഠപുസ്തകങ്ങളിൽ
ഒതുങ്ങിനിൽക്കട്ടെ.
ശിക്ഷയും ശിക്ഷണവും
അച്ഛനുമമ്മയ്ക്കും മാത്രം സ്വന്തം.

ജാനെറ്റ് ജോർജ് സി.



# ലാളിത്യം

കരയല്ലേ വാവേ കരയല്ലേ വാവേ
അച്ഛന്റെ പൊന്നുമോൻ കരയല്ലേ...
പാവതരാം അച്ഛൻ പീപ്പി തരൊം
അച്ഛന്റെ പൊന്നുമോൻ കരയല്ലേ...
കരയല്ലേ വാവേ കരയല്ലേ വാവേ
അച്ഛന്റെ പൊന്നുമോൻ കരയല്ലേ...
എന്തിനാ മോൻ ഇന്നു കരയുന്നേ
കാരണമില്ലാതെ കരയുന്നേ...
അമ്മയിന്ന് നിന്നെ ശാസിച്ചോ
അതോ ചേച്ചിയിന്ന് നിന്നെ ശാസിച്ചോ...
അച്ഛന്റെ പൊന്നുമോൻ കരയല്ലേ
മോൻ കരഞ്ഞാൽ അച്ഛൻ കരയും...
അച്ഛന്റെ പൊന്നുമോൻ കരയല്ലേ

ചിത്രം കടപ്പാട്: ഗൂഗിൾ ഇമേജസ്



# അമ്മ



അമ്മയെന്നുള്ള രണ്ടക്ഷര
മാണന്റെ ഉൾക്കുരത്ത്
അമ്മ നൽകുന്ന വാത്സല്യ
മാണെന്റെ ആനന്ദം

അമ്മയിൽ വിടരും പുഞ്ചിരി
എൻ ഹൃദയം കവർന്നെടുക്കും
ഈ പിഞ്ചു മനസ്സിലിടം നേടിയ
അമ്മയാണെന്റെ ജീവൻ

## S P C ഞങ്ങളുടെ അഭിമാനം



അഭിനവ് കൃഷ്ണ പി എസ്
സ്റ്റേറ്റ് എസ് പി സി ക്യാമ്പ് 2024




ജില്ലാ റിപ്പബ്ളിക് പരേഡ് -2nd



ജില്ലാ എസ് പി സി ക്യാമ്പ് 2024

ചിത്രം കടപ്പാട്: ഗൂഗിൾ ഇമേജസ്



എന്നിലേ ശ്വാസമേ , നീയെങ്ങു പോയി ?
എന്നിലേ രാഗമേ , നീയെങ്ങു പോയി ?
എന്നിലേ ചിരികളെ , നീയെങ്ങു പോയി ?
എൻ നിഴലേ, നീയെങ്ങു പോയി ?

എൻ കൂടേ നടന്ന എൻ നിഴലേ...
എന്നിലേ ഹൃദയ സ്പന്ദനമേ...
എന്നുള്ളിലെ ചുട്ടു രക്തമേ...
എങ്ങു പോയി... നീയെങ്ങു പോയി

സ്കൂളിലെ ഓർമകൾ ഓർക്കുന്നുവോ
മധുരമാം നമ്മുടെ ബാല്യകാലം
ആടിയും പാടിയും പിന്നിട്ടു പോയൊരു
ബാല്യകാലം നീയിന്നു ഓർക്കുന്നുവോ?

പണ്ടു നാം ഓടിക്കളിച്ചോരാ സ്കൂളും,
ഇരുന്നു പഠിച്ചോരാ ക്ലാസ്മുറിയും
നാം പണ്ട് വായിച്ച പുസ്തകങ്ങളും,
തോഴാ നീയിന്നും ഓർക്കുന്നുവോ?

എൻ പ്രിയ തോഴാ, നീ ഓർക്കുന്നുവ?
നാമന്നു വിഹരിച്ച യൗവനത്തിൽ,
നമ്മുടെ മിഴികൾ വറ്റിയില്ല,
നമ്മുടെ ഹൃദയങ്ങൾ വരണ്ടു പോയി.

ചിത്രം കടപ്പാട്: ഗൂഗിൾ ഇമേജസ്

എൻ പ്രിയ തോഴാ, നിൻ നിസ്സ്വനം
എൻ ഹ്ദയത്തെ കുത്തി നോവിച്ചിടുന്നു
നിൻ കണ്ഠത്തിൻ മധുവേറിയ വാക്കുകൾ,
ഇന്നെവിടെ തോഴാ?നീയെവിടെ ?

ഇന്നു ഞാൻ മർത്യന്റെ അവസാന കാലങ്ങൾ
ചെലവഴച്ചീടുന്ന വൃദ്ധൻ
നീയെവിടെ? തോഴാ? നീയവിടെ...
എന്തിനു നീയെന്നെ വിട്ടുപോയി ?

നിൻ ചിത്രമിന്ന്, പത്രത്തിൽ കണ്ടപ്പോൾ
എൻ ഹ്ദയതാളങ്ങൾ നിന്നപ്പോയി
എന്തേ നീ പോയി? എങ്ങു പോയി?
എന്തിനു നീയെന്നെ വിട്ടുപോയി ?

ഇരുളിൽ തിളങ്ങുമെന്ന ദീപമായി...
കണ്ണീർ കായലിൽ തോണിയായി...
ഇനിയും നാമെന്ന് കണും,തോഴാ?
നാമിനി ഒന്നിച്ചെന്ന് കാണും?

എൻ ശ്വാസമേ ,രാഗമേ,താളമേ
നാമിനി എന്നു കാണും?
ഈ ലോകജീവിതം തീർന്നീടുവാൻ
എത്ര നാൾ, എത്ര നാൾ ഞാനിനിയും

അഭിനവ് ഫ്രാൻസിസ്

ചിത്രം കടപ്പാട്: ഗൂഗിൾ ഇമേജസ്

# വാർമതിരാവ്



മുല്ലമൊട്ടുകൾ  നിറയും  രാവ്
വാർമതിയൊഴുകും  നിലാരാവ്.
സൗന്ദര്യലഹരി  നിറയും  രാവ്
നക്ഷത്രക്കൂട്ടം  വാനിലുല്ലസിച്ചീടും.

അന്ന്  പശ്ചിമം, ഇന്ന്  പൂർവം,
എന്തൊരു  സുന്ദര രാവ്.
എന്തൊരു ബഹിരന്ത  ശോഭ,
നിറയും വാർമതിരാവ്.

വാർമതിതദാധാരമായതൊ-
ന്നുമില്ലയ്യോ  ഈ  ഭൂമിയിൽ,
അനർഘമായത്  ഒന്നേയുള്ളൂ
അത്  ചന്ദ്രന്റെ  രാനിലാവ്.

പകലോളം  വിശ്രമമെന്നതെ-
യുള്ളൂ  ഈ  പൂർണ്ണചന്ദ്രന്.
രാത്രിയിൽ  രമണീയമായൊരു
നിലാവെളിച്ചം  തരുന്നീ  ചന്ദ്രൻ.

ചന്ദ്രനില്ലാ ലോകഗോളം സൗ-
ന്ദര്യം  വാടിയ  പൂപോലെ
നാനാനിറമുള്ള  കാറുകളുടെ പഴു-
തിങ്കലിലൂടെ  നോക്കും  ചന്ദ്രൻ.

അംബരത്തിലുള്ള  ആ  ചന്ദ്രസിം-
ഹാസനം  ഇനി  ഉറക്കില്ല, ഉറക്കില്ലായെന്ന്
ചൊല്ലുന്നു, ചന്ദ്രനേക്കാൾ  അനർഘമെ-
ന്നത്  ഒന്നേയുള്ളൂ  ഈ  ഭൂമിയിൽ  പ്രകൃതി.

ചിത്രം കടപ്പാട്: ഗൂഗിൾ ഇമേജസ്







# വരകളിലെ ചിരി

**അശ്വിൻ എം ആർ**





